Official Monthly Bulletin October 2018

# MARIAN



St. Mary's Indian Orthodox Cathedral
P. O. Box 834, Manama, Kingdom of Bahrain, 17252980, 17276092
stmarys@stmarybahrain.com, www.stmarybahrain.com, /smiocbh



# ഇടയസന്ദേശം



**ക**ർത്താവിൽ പ്രിയരെ,

ഇടർച്ചകളുടെയും, ഇടറുന്നവരുടെയും വാർത്തകളിലൂടെയാണല്ലോ ഈ കാലഘട്ടം കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. എന്നാൽ അതിനെ സംബന്ധിച്ച് നമ്മുടെ കർത്താവ് മുന്നമേ പറഞ്ഞിട്ടുള്ളത് നാം ശ്രദ്ധയോടെ മനനം ചെയ്യുന്നത് നന്നായിരിക്കും. വി. മർക്കോസിന്റെ സുവിശേഷം ഒമ്പതാം അദ്ധ്യായം നാൽപ്പത്തിരണ്ടാം വാക്യം  പാപപ്രേരണയോടുള്ള ഒരു ദൈവപൈതലിന്റെ പ്രതികരണം എങ്ങനെയായിരിക്കണം എന്നതിനെ മനസ്സിലാക്കിത്തരുന്നു.

ക്രൈസ്തവ ലോകത്തിലെ തന്നെ ഏറ്റവും ഹൃദയഭേദകമായ ഇടർച്ചയായി യൂദായുടെ ഒറ്റികൊടുക്കൽ ഇന്നും നിലനിൽക്കുന്നു. മൂന്നരവർഷം ഗുരുവിനോടൊപ്പം ജീവിച്ചിട്ടും ഗുരുത്വമില്ലായ്മ അവനിൽ ചേക്കേറി . എന്നാൽ മറ്റ് പതിനൊന്നുപേർ തങ്ങളുടെ ജീവിതം ഗുരുവിനായി സമർപ്പിച്ചു . വിശുദ്ധന്മാരും പാപികളും ഉൾക്കൊള്ളുന്നതാണ് നമ്മുടെ സഭ. ഇന്നും ഇടർച്ചകൾക്ക്  സഭയിൽ പഞ്ഞമില്ല. അറിഞ്ഞും അറിയാതെയും നാമൊക്കെ ഭാഗമാണ്. എന്നാൽ അത് അനേകരുടെ വിശ്വാസം ഇളക്കാൻ കാരണമാകുന്നു .നമ്മളിലൂടെ ഉണ്ടാകുന്ന ഓരോ പാപവും ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ വിള്ളൽ വീഴ്ത്തുന്നു.

റോമിലെ സിസ്റ്റൈൻ ചാപ്പലിൽ കാണുന്ന മൈക്കൽ ആഞ്ചലോയുടെ 'ആദാമിന്റെ സൃഷ്ടി' എന്ന പ്രസിദ്ധമായ ചിത്രത്തിൽ ദൈവം തന്റെ വിരൽ ആദാമിന്റെ പക്കലേക്ക് നീട്ടുകയും ആദാം തന്റെ കരം ദൈവത്തിന്റെ വിരലിൽ തൊടുവാൻ ശ്രമിക്കുന്നതുമായ മനോഹരമായ ദൃശ്യം ഉണ്ട്. എന്നാൽ ദൈവത്തിൻറെ വിരലിനും ആദാമിന്റെ കരത്തിനുമിടയിൽ ഒരു ചെറിയ അകലം കാണാം. ഈ അകലം പാപം മൂലം ആദാം ദൈവത്തിൽ നിന്നും അകന്നതിനെ സൂചിപ്പിക്കുന്നു. എന്നാൽ ആ അകൽച്ച പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരത്തിലൂടെ ഇല്ലാതാക്കി. സഭയുടെ ചരിത്രത്തിൽ അനേകം പാപികൾ വിശുദ്ധരായി തീർന്ന മാനസാന്തരത്തിന്റെ കഥകൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ നിത്യജീവന്റെ മൂല്യം നാം ശരിക്കും മനസ്സിലാക്കുമ്പോൾ പാപത്തിന്റെ മാർഗ്ഗം നമുക്ക് ഉപേക്ഷിക്കാൻ സാധിക്കും. ക്രിസ്തുവിന്റെ വിരൽ പിടിച്ച് സ്വർഗ്ഗത്തിന്റെ അകൽച്ച ഇല്ലാതാക്കാൻ നമുക്ക് സാധിക്കണം.

നമ്മുടെ ഇടവകയുടെ പ്രതിഷ്ഠാ പെരുന്നാൾ നാം കൊണ്ടാടുമ്പോൾ പാപത്തിൽ നിന്നും വിടുതൽ പ്രാപിച്ച ഒരു പുതിയ പ്രതിഷ്ഠാജീവിതം നമ്മിൽ ഉണ്ടാകാൻ പ്രാർത്ഥിക്കാം. ഒരു 'കൂദോശ്  ഈത്തോ', ദൈവമന്ദിരങ്ങളായ നമ്മിൽ ഓരോരുത്തരിലും സംഭവ്യമാകട്ടെ.

ഏവർക്കും പെരുന്നാൾ ആശംസകൾ....

**ഫാ. ജോഷ്വാ എബ്രഹാം**
*(വികാരി)*
*jabrahamachen@gmail.com*
Mob: 39445358

**ഫാ. ഷാജി ചാക്കോ**
*(സഹവികാരി)*
*frshajichacko@gmail.com*
Mob: 39584020



## വജ്രജൂബിലി പ്രഭയിൽ പെരുന്നാൾ മഹാമഹം



**ക**ർത്താവിൽ സ്നേഹിതരെ,

പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുന്നാൾ മുൻവർഷത്തെപ്പോലെ ഈ വർഷവും മധ്യസ്ഥതാവാരമായി നമ്മുടെ ഇടവക ആചരിച്ചു. ടീനേജ്കുട്ടികൾക്കും കുടുംബാംഗങ്ങൾക്കുമായി സെപ്റ്റംബർ 19, 20 തീയതികളിൽ പ്രശസ്ത കൗൺസിലിംഗ് സൈക്കോളജിസ്റ്റ് ശ്രീമതി മായ സൂസൻ ജേക്കബ് നയിച്ച "On Track ... to Success" കൗൺസിലിംഗ് ക്ലാസ്സുകൾ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും വേറിട്ട അനുഭവമായി.

കത്തീഡ്രലിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി September 28-ന് ബഹ്റിൻ കേരളീയസമാജത്തിൽ വെച്ച് ബഹ്റൈൻ ആരോഗ്യമന്ത്രാലയത്തിന്റെ രക്ഷാധികാര്യത്വത്തിൽ നടന്ന മൾട്ടിസ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് വൻ വിജയമാക്കിത്തീർത്ത ഏവരേയും, നേതൃത്വം നൽകിയ ഡോക്ടർ പി.വി ചെറിയാന്റെ സേവനത്തെയും, സഹകരിച്ച സ്ഥാപനങ്ങളെയും സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഒക്ടോബർ 26ന് ബഹ്റിൻ കേരളീയസമാജത്തിൽ വച്ച് നടക്കുന്ന ഈ വർഷത്തെ ആദ്യഫലപ്പെരുന്നാളിന് ഇടവക തയ്യാറെടുക്കുന്നു, ഏവരുടെയും പ്രാർത്ഥനയും അകൈതവമായ സഹകരണവും സഹായവും ഉണ്ടായിരിക്കേണമേ.

മലങ്കരയുടെ പൈതൃകവും പാരമ്പര്യവും ഉയർത്തിക്കൊണ്ട് ഓർത്തഡോക്സ് സഭയുടെ ഗൾഫ് മേഖലയിലെ പ്രഥമദേവാലയമായി പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ നമ്മുടെ ദേവാലയം സ്ഥാപിതമായിട്ട് 60 വർഷങ്ങൾ പൂർത്തിയായിരിക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്താം. ഇടവകയുടെ വജ്രജൂബിലി ആഘോഷങ്ങൾക്കും പെരുന്നാളിനും നേതൃത്വം നൽകുവാനായി എഴുന്നെള്ളുന്ന പരിശുദ്ധ ബാവ തിരുമേനിക്കും ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിക്കും പ. സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനിക്കും ഇടവകയിലേക്ക് ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ മധ്യസ്ഥതയിൽ അഭയപ്പെട്ട് കൊണ്ട് അറുപതാം പെരുന്നാൾ നാം ആചരിക്കുമ്പോൾ ഈ ഇടവകയ്ക്ക് നേതൃത്വം നൽകിയ മുൻ വികാരിമാരെയും മൺമറഞ്ഞുപോയ പൂർവ്വികരേയും മറ്റു ഭാരവാഹികളെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർത്തുകൊണ്ട് പെരുന്നാൾ ശുശ്രൂഷകൾക്കും കൺവൻഷനും നേർച്ചകാഴ്ചകളോടുകൂടി വന്ന് പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ ഒരു മനസ്സോടെ പ്രാർത്ഥിക്കാം ....അനുഗ്രഹം പ്രാപിക്കാം.

സ്നേഹത്തോടെ

**ലെനി പി. മാത്യു**
*(കത്തീഡ്രൽ ട്രസ്റ്റി)*

**റോയി സ്കറിയ**
*(കത്തീഡ്രൽ സെക്രട്ടറി)*




ഇടവകയുടെ വജ്രജൂബിലി ആഘോഷങ്ങൾക്കും പെരുന്നാളിനും നേതൃത്വം നൽകാൻ എഴുന്നെള്ളുന്ന പരിശുദ്ധ ബാവാതിരുമേനിക്കും ഇടവക മെത്രാപ്പോലീത്ത അഭി: ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിക്കും ,
പ. സുന്നഹദോസ് സെക്രട്ടറി അഭി: യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനിക്കും ഇടവകയിലേക്ക് ഹൃദയംഗമായ സ്വാഗതം



കത്തീഡ്രൽ വാർഷിക കൺവൻഷൻ നയിക്കുവാനായി എത്തിച്ചേർന്ന വേദ പണ്ഡിതനും പ്രഗത്ഭ വാഗ്മിയുമായ ഫാ. സഖറിയ നൈനാൻ അച്ചന് (സഖേർ അച്ചൻ) ഇടവകയിലേക്ക് സ്വാഗതം

## Sabro

എല്ലാ മാസത്തിലെയും മൂന്നാമത്തെ ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ ഉപവാസപ്രാർത്ഥന, ധ്യാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ആയതിലേക്ക് ഏവരുടെയും പ്രാർത്ഥനാപൂർണ്ണമായ സാന്നിധ്യം സാദരം അഭ്യർത്ഥിക്കുന്നു

---

**Cathedral Mobile Application**

ANDROID APP ON Google play · Download on the App Store

*Full details about Cathedral is available on Andriod and I-phone users,*

*Seacrch "SMIOC Bahrain",*

## Holy Qurbana Schedule

| | | |
|---|---|---|
| Friday | : October 05, 12, 19, 26 | 08.00 AM |
| Saturday | : October 13, 27 | 07.00 PM |
| Sunday | : October 07, 21 | 07.00 PM |
| Wednesday | : October 03, 10, 17, 24, 31 | 07.00 PM |

## Events

| | |
|---|---|
| Annual Gospel Convention : | October 04, 06, 08, 09 |
| Birthday of H.G. Geevarghese Mar Coorilose : | October 07 |
| Dedication of Cathedral : | October 10 |
| Perunnal : | October 11, 12 |
| Diamond Jubilee Inauguration : | October 12 at Indian School, Isa Town |
| Sabro (Fasting Prayer) : | October 20 (Saturday) 10.00 AM - 12 PM |
| Harvest Festival : | October 26 at BKS (Keraleeya Samajam) |

## Divyabodhanam

| | | |
|---|---|---|
| POCE | : Book 6 - വിശ്വാസ ദീപ്തി (Tuesdays) | 08.00 PM - 09.30 PM |
| DOCE | : Book 16 - ധർമ്മ ദീപ്തി (Mondays) | 08.00 PM - 09.30 PM |
| GOCE | : Book 26 - പ്രതീക്ഷ സന്ദേശങ്ങൾ (Mondays) | 08.00 PM - 09.30 PM |

## Martha Mariam Vanitha Samajam

| | |
|---|---|
| Meetings | : Regular Meetings on every thursdays 06.00 PM - 07.00PM |

## MGOCSM

| | |
|---|---|
| Meetings | : Regular meetings on October 05,12,19 immediately after Sunday School<br>No meeting on October 26 on account of Harvest Festival |

## Senior Citizen Fellowship

| | | |
|---|---|---|
| Meeting | : October 31 (Wed) | 08.30 PM - 09.30 PM |

## St. Paul's Suvishesha Sangam

| | | |
|---|---|---|
| Meetings | : October 06, 20 (Saturdays), 14, 28 (Sundays) | 07.45PM - 09.00PM |
| Cottage Meeting/ House Visit | : October 16 (Tue) | 08.00PM - 09.00PM |
| Vigil Prayer | : October 28 (Sun) | 07.30PM - 09.00PM |

## Sunday Shool

Sunday School competitions as per schedule

## St. Thomas Orthodox Christian Youth Movement

| | |
|---|---|
| Meetings | : Regular Meetings on every Saturday 9.00 PM to 10.30 PM in Cathedral |

| Date | Time | Area | Address/Venue |
|---|---|---|---|
| 05/10/2018 Friday | 6.00 PM | Sh. Hamad - Lulu | **Mr. Biju Thankachan** Flat 303, Bldg 1072, Road 321, Block 303 Mob: 39735362 |
| 05/10/2018 Friday | 6.00 PM | Church South | **Mr. Anil Mathew** Flat 211, Bldg 419, Road 336, Block 331 BFC Bldg, Mob: 39441920 |
| 05/10/2018 Friday | 7.30 PM | Church North | **Mr. Thomas V. Abraham** Theophilos Hall Mob: 38410898 |
| 05/10/2018 Friday | 7.30 PM | Manama | **Mr. Aniyan Abraham C.** Cathedral Back Hall Mob: 39145859 |
| 19/10/2018 Friday | 6.00 PM | Adliya - Um Al Hassam | **Mr. Samuel Paulose** Villa 21, Block 327,Delmon Avenue Near HSBC Adliya, Mob: 39795651 |
| 19/10/2018 Friday | 6.00 PM | Salmaniya | **Mr. Thomas Mathai** Theophilos Hall Mob: 36262535 |
| 19/10/2018 Friday | 7.30 PM | Guful - Khamis | **Mr. Roshan K. Varghese** Flat 26, Bldg 354, Rd 5617, Block 356 Waqf Buildng, Mob: 39048020 |
| 19/10/2018 Friday | 7.30 PM | Sugaiyya - Zinj | **Mr. Vinoy Varghese** Flat 61, Bldg 1250, Road 3022, Zinj 330 Mob: 36330368 |

## *Favours Received*







*Inserted by*
**Aji Chacko Parayil, Geethu Aji**
**Ashmita Maria Aji**

# ആശംസകൾ

## Bombay Diocesan Council Members (2017 -2022)



A. O. Johny
*(Roll No :274 )*



Kuruvila Pappy (Abey)
*(Roll No : 74 )*



C.T. Philip
*(Roll No : 214 )*



Jacob John
*(Roll No : 135)*



Rajan Abraham
*(Roll No : 252 )*



Adv. V. K. Thomas
*(Roll No : 163 )*

# ആദരാഞ്ജലികൾ



**Mrs. Mary Cherian**
Wife of Mr. Sabu Cherian(Roll No. 833)
55, Goyal Shinde Part 40- A
Kirkee Patel Road, Pune, Maharashtra




**Mr. Kurien George**
(Roll No. 382)
Kizhakkathil Bethel,
Kummalloor, Kollam

EDITORIAL BOARD
SHIJU K. OOMMEN *Chief Editor, Design & Layout*
GEESON GEORGE, SIJU GEORGE *Editors*

*In Ever Loving Memory of*
*Our Beloved Mummy*

**11th Death Anniversary (27.10.2007)**



*I Peter I : 4 - 5 "To an inheritance incorruptible, and undefiled,
and that fadeth not away, reserved in heaven for you,
Who are kept by the power of God through faith unto
salvation ready to be revealed in the last time.."*

Inserted By

**John Varughese (Sunil), Latha**
**Sheryl & Joshua**

*(For private circulation among cathedral members only)*